Reg. No. 29377/78

PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 14 Vol. 4 January 2021

ഫാർമസിസ്റ്റ് ദിനാഘോഷം

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ – മികച്ച സേവനത്തിനുള്ള അംഗീകാരങ്ങൾ

അജി. ജോർജ്
(ഫാർമസിസ്റ്റ്, ജനറൽ ആശുപത്രി കോട്ടയം)

പ്രശാന്ത് പി.
(ഫാർമസിസ്റ്റ്, പി. എച്ച. സി., വരാപ്പുഴ)

ദീഷ്മ
(ഫാർമസിസ്റ്റ്, പി. എച്ച്. സി., മീഞ്ച)

പ്രസാദ് പി. വി
(ഫാർമസിസ്റ്റ്, അഞ്ചരക്കണ്ടി കോവിഡ് 19 ആശുപത്രി)

എറണാകുളം ജില്ലാ കളക്ടറുടെ ആദരം
(സുധ സി. എ – എസ്. വി. ഒ Rtd., ജോയ് പി. തോമസ് – പി. എസ്. കെ. Rtd.)

Reg. No. 29377/78

PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 14 **Vol. 4** **January 2021**

Managing Editor :
S. VIJAYAKUMAR

Printer & Publisher :
M. K. PREMANANDAN

Editor:
M. S. MANOJ KUMAR
E-mail: manojparavoor@gmail.com

Editorial Board:

K. T. SADANANDAN

ABHILASH JAYARAM

D. N. ANITHA

T. L. MERIES

ABDUL SALAM M.

K. C. SASIDHARAN

K. P. SAJEER

M. K. MANOJ

Layout & Printing
Alwaye Press, Aluva
0484-2623318

ഉള്ളടക്കം

- എഡിറ്റോറിയൽ 02
  മനോജ്കുമാർ എം. എസ്
- മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുക 03
  എസ്. വിജയകുമാർ (പ്രസിഡന്റ്)
- വിവേചനം അവസാനിപ്പിക്കുക 05
  എം.കെ. പ്രേമാനന്ദൻ (ജനറൽ സെക്രട്ടറി)
- Genetic Engineering: Science to the Rescue? 08
  Noby Thomas
- ഇന്ത്യൻ ഫാർമസിസ്റ്റുമാരും ഫാർമസി വിദ്യാഭ്യാസ ചട്ടം രണ്ടായിരത്തി ഇരുപതും 11
  അഗസ്റ്റിൻ പി.പി.
- മാതൃഹൃദയം (കവിത) 13
  സംഗീത രാജേഷ്
- നാല്പതുകൾ (കവിത) 14
  സജീർ കെ.പി.
- ഏകാന്തത (കഥ) 15
  ശ്രീനാ ഗോപാൽ
- സംസ്ഥാന വാർത്തകൾ 16
- ജില്ലാ വാർത്തകൾ 17

എഡിറ്റോറിയൽ

മിഡ്‌ലെവൽ സർവ്വീസ് പ്രൊവൈഡർ ഫാർമസിസ്റ്റുമാരെ ഒഴിവാക്കിയത് പ്രതിഷേധാർഹം

ദേശീയ ആരോഗ്യനയം 2017 പ്രകാരം കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് ആരംഭിക്കുന്ന ഹെൽത്ത് വെൽനെസ് സെന്ററുകളിൽ മിഡ്‌ലെവൽ സർവ്വീസ് പ്രൊവൈഡർമാരുടെ നിയമനത്തിൽ ഫാർമസിസ്റ്റ്, പാരാമെഡിക്കൽ വിഭാഗങ്ങളെ ഒഴിവാക്കിയത് പ്രതിഷേധാർഹമാണ്.

കേന്ദ്ര നിർദ്ദേശമനുസരിച്ച് ഫാർമസി, നഴ്സിംഗ്, പാരാമെഡിക്കൽ, ആയുഷ് ബിരുദധാരികളെയാണ് MLSPമാരായി നിയമിക്കേണ്ടത്. എന്നാൽ കേരളത്തിൽ നഴ്സിംഗ് യോഗ്യതയുള്ളവരെ മാത്രം നിയമിക്കാനാണ് സർക്കാർ തീരുമാനം. നഴ്സിംഗ് ബിരുദങ്ങൾക്ക് പുറമെ ഡിപ്ലോമക്കാരെയും ഉൾപ്പെടുത്താനും തീരുമാനിച്ചിരിക്കുന്നു.

ഇത്തരത്തിൽ ഒരു വിഭാഗത്തിന് എല്ലാവിധ അവസരങ്ങളും നൽകുമ്പോൾ തന്നെയാണ് ഫാർമസിസ്റ്റ് പാരാമെഡിക്കൽ വിഭാഗങ്ങളെ പൂർണ്ണമായും ഒവിവാക്കിയിരിക്കുന്നത് 1600 ഓളം MLSPമാരെ നിയമിക്കുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ട തൊഴിലില്ലാത്തവർക്ക് ലഭിക്കേണ്ട അവസരമാണ് ഇത് വഴി നഷ്ടമായിരിക്കുന്നത്.

പ്രഥമചികിത്സയ്ക്കും, ജീവിത ശൈലീ രോഗങ്ങൾക്ക് ഉൾപ്പെടെ മരുന്നുകളും വെൽനെസ് സെന്ററുകളിലൂടെ നൽകുമെന്നറിയുന്നു. ഫാർമസിസ്റ്റ് അല്ലാത്തവർ മരുന്ന് നൽകുന്നത് നിയമവിരുദ്ധവും ശിക്ഷാർഹവുമായ കുറ്റമാണ്. വിവിധ കോടതികളും ഇത് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇത് പരിഗണിക്കാതെ മരുന്ന് വിതരണം ഫാർമസിസ്റ്റുമാരില്ലാതെ നിർവ്വഹിക്കാനുള്ള നീക്കം നിയമ വിരുദ്ധമാണ്.

സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഒരു ഡോക്ടർ മാത്രമുള്ളതിനാൽ അവർ മറ്റ് ഡ്യൂട്ടികൾ, അവധികൾ എന്നിവയിൽ പ്രവേശിക്കുമ്പോൾ വർഷങ്ങളായി ജനങ്ങൾക്ക് പ്രാഥമിക ചികിത്സ നൽകുന്നത് ഫാർമസിസ്റ്റുമാരാണ്. ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ 22 ഇനം മരുന്നുകൾ രോഗികൾക്ക് നൽകാൻ സർക്കാർ തന്നെ ഉത്തരവിട്ടിട്ടുള്ളതുമാണ്. പ്രഥമ ചികിത്സയിലും മരുന്നു വിതരണത്തിലും യോഗ്യതയും, പരിചയ സമ്പന്നരുമായിട്ടുള്ള ഫാർമസിസ്റ്റുമാരെ ഒഴിവാക്കിയത് നിയമ വിരുദ്ധവും, നീതിക്ക് നിരക്കാത്തതുമായ നടപടിയാണ്.

വിവിധ പദ്ധതികളായ വയോമിത്രം, മാനസിക ആരോഗ്യപദ്ധതി എന്നിവയിലും ഫാർമസിസ്റ്റുമാരെ ഒഴിവാക്കുകയും, നിയമവിരുദ്ധമായി മരുന്നു നൽകുന്നതുമായ സ്ഥിതിയാണുള്ളത്.

സംസ്ഥാനത്തു പ്രാഥമിക ചികിത്സയിൽ പരിചയസമ്പന്നരും മരുന്നുകളെക്കുറിച്ചും മറ്റു ആരോഗ്യകാര്യങ്ങളിലും മതിയായ യോഗ്യത ഉള്ളവരുമായ ഫാർമസിസ്റ്റുമാരെ MLHP നിയമനത്തിൽ നിന്ന് ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കാനും അടിയന്തിരമായി ഫാർമസിസ്റ്റുമാരെ ഉൾപ്പെടുത്താനും തീരുമാനം ഉണ്ടാകണം.

മനോജ്കുമാർ എം.എസ്.

മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുക

എസ്. വിജയകുമാർ
പ്രസിഡന്റ്

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും ആരോഗ്യകേന്ദ്രങ്ങളിലും വിതരണം ചെയ്യുന്ന മരുന്നുകളിൽ പലതും നിശ്ചിത ഗുണനിലവാരം പുലർത്താത്തതിനാൽ ഉപയോഗം നിർത്തുന്നത് സാധാരണമായിരിക്കുന്നു. ഇത് ആശുപത്രികളുടെ പ്രവർത്തനത്തെയും, രോഗികളുടെ ആരോഗ്യത്തെയും ഒരേപോലെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഗുണം കുറഞ്ഞ മരുന്നുകൾ കഴിച്ചു രോഗികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിഹാരവും ലഭിക്കുന്നില്ല. തങ്ങൾക്കുണ്ടായ ആരോഗ്യ പ്രശ്നത്തെയോ അതിനു കാരണമായ ഗുണനിലവാരമില്ലാത്ത മരുന്നിനെ കുറിച്ചോ അവർ അറിയാറുമില്ല. രോഗികൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ എത്തിക്കുക എന്നത് ആരോഗ്യ സംരക്ഷണത്തിന്റെ മുഖ്യ ഉപാധികളിൽ ഒന്നാണ്.

ഗുണനിലവാരം കുറഞ്ഞു ഉപയോഗം നിർത്തിയ മരുന്ന് സർക്കാർ ആശുപത്രികളുടെ മരുന്ന് സൂക്ഷിപ്പ് സ്ഥലം വളരെയേറെ അപഹരിക്കുന്നത് കാരണം നല്ല മരുന്നുകൾ സൂക്ഷിക്കാനുള്ള സ്റ്റോറേജ് സൗകര്യം കുറയുന്നു. ഉപയോഗം താൽക്കാലികമായി നിർത്തിയ മരുന്നുകൾ താപനില ഉൾപ്പെടെ എല്ലാ സ്റ്റോറേജ് നിബന്ധനകളും പാലിച്ചു തന്നെ സൂക്ഷിക്കേണ്ടതുണ്ട്. ഭാവി പരിശോധനയിൽ അവ ഉപയോഗിക്കാമെന്ന് കണ്ടെത്താൻ സാധ്യതയുണ്ട് എന്നത് കൊണ്ടാണിത്. ഉപയോഗം നിർത്തിയ മരുന്നുകൾ ചട്ടപ്രകാരം വിതരണക്കാർക്ക് നൽകണം. അതിനാൽ മെഡിക്കൽ കോർപറേഷൻ ഉടൻ തന്നെ അവ തിരിച്ചെടുക്കേണ്ടതാണ് എങ്കിലും മരുന്നുകൾ വർഷങ്ങളോളം തിരിച്ചെടുക്കാതെ സ്ഥാപനങ്ങളിൽ തന്നെ വെക്കാൻ നിർബന്ധിക്കുന്ന സ്ഥിതിയാണുള്ളത്. ഇതാണ് സ്ഥാപനങ്ങളുടെ സ്ഥലസൗകര്യം അപഹരിക്കുന്നത്.

മരുന്നുകൾ ഗുണനിലവാരം മുൻകൂട്ടി പരിശോധിച്ചു ഉറപ്പാക്കിയ ശേഷം മാത്രം വിതരണം ചെയ്യുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനാവും. നിലവിൽ മരുന്നു കമ്പനികൾ തന്നെ നൽകുന്ന പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിതരണം. കമ്പനികളുടെ സ്വന്തം ലബോറട്ടറിയുടെ പരിശോധനയെ ആശ്രയിച്ചാണ് ഇത്. കോഴിയെ സംരക്ഷിക്കുമെന്ന കുറുക്കന്റെ സർട്ടിഫിക്കറ്റ് പോലെയാണ് ഇത്. പിന്നീട് സർക്കാർ പരിശോധനയിലാണ് ഗുണനിലവാരം പുലർത്താത്തതിനാൽ പിൻവലിക്കേണ്ടി വരുന്നത്. അതിനാൽ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന എല്ലാ മരുന്നുകളും മുൻകൂട്ടി പരിശോധിച്ചു ഗുണനിലവാരം ഉറപ്പാക്കിയേ വിതരണം ചെയ്യാവൂ. ഇതിനുള്ള സൗകര്യം മെഡിക്കൽ കോർപറേഷൻ ഒരുക്കണം.

വാർഷിക ഇൻഡന്റ് പ്രകാരമാണ് സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭിക്കുന്നത്. ഇങ്ങനെ ലഭിച്ച മരുന്ന് ഗുണനിലവാരമില്ലെന്നു കണ്ടെത്തി പിൻവലിക്കുമ്പോൾ പിന്നീട് ആ മരുന്നിന്റെ സ്റ്റോക്ക് ഇല്ലാതാവുകയും രോഗി

കൾക്ക് മരുന്ന് നൽകാൻ കഴിയാതെ വരികയും ചെയ്യുന്നു. മെഡിക്കൽ കോർപറേഷൻ പകരം മരുന്ന് നൽകാത്തതാണ് ഇതിനു കാരണം. അതിനാൽ പിൻവലിക്കുന്ന മരുന്നിനു തുല്യമായി പകരം മരുന്ന് നൽകാൻ മെഡിക്കൽ കോർപറേഷൻ നടപടി സ്വീകരിക്കണം. മരുന്ന് കമ്പനികളിൽ നിന്നും ഈടാക്കിയ തുക ഉപയോഗിച്ചാൽ മതി എന്നതിനാൽ കോർപറേഷന് യാതൊരു അധിക ബാധ്യതയും വരുന്നതല്ല.

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരോഗ്യകേന്ദ്രങ്ങൾക്കായി പ്രോജക്റ്റുകൾ പ്രകാരം നീക്കി വെക്കുന്ന ഫണ്ട് ഉപയോഗിച്ച് മരുന്ന് വാങ്ങുമ്പോൾ മെഡിക്കൽ കോർപറേഷൻ സ്ഥാപനമായ കാരുണ്യ ഫാർമസിയിൽ നിന്ന് വാങ്ങാൻ മുൻഗണന നൽകണമെന്നാണ് നിർദേശം ഇതനുസരിച്ചു സർക്കാർ ആശുപത്രികൾക്കു മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന തുക കാരുണ്യഫാർമസിക്കു മുൻകൂറായി അടക്കണം. മരുന്നുകൾ ഉടൻ തന്നെ നൽകണമെന്നാണ് ചട്ടമെങ്കിലും മാസങ്ങളും വർഷങ്ങളും കഴിഞ്ഞാണ് പല സ്ഥാപനങ്ങൾക്കും മരുന്ന് ലഭിക്കുന്നത് എന്ന ആക്ഷേപം ഉണ്ട്. ആശുപത്രികളുടെ അതാത് സമയത്തുമുള്ള മരുന്ന് ആവശ്യകത അനുസരിച്ചാണ് കാരുണ്യ ഫാർമസിക്കു ഓർഡർ നൽകുക. അതുകൊണ്ടു മരുന്ന് പെട്ടെന്ന് ലഭിച്ചാലേ രോഗികൾക്ക് നൽകാനാവൂ. മാസങ്ങൾ കഴിയുമ്പോൾ നില മാറുകയും ആ മരുന്ന് ആവശ്യമില്ലാതാവുകയും ചെയ്യും. ഇത് പല സ്ഥാപനങ്ങളിലും ഓഡിറ്റ് തടസ്സത്തിന് കാരണമാവുകയും ലഭിക്കാത്ത മരുന്നിനു പണം അടച്ചതിനു വിശദീകരണം ചോദിക്കുകയും തിരിച്ചടക്കാൻ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. ഇത് സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കുന്നതാണ്. സ്ഥാപന മേധാവികളെ അനാവശ്യമായി പ്രതിസന്ധിയിലാക്കുന്ന ഈ നടപടി അവസാനിപ്പിക്കേണ്ടതാണ്. മരുന്നുകൾ നിശ്ചിത സമയപരിധിക്കകം നൽകാൻ നടപടിയുണ്ടാകണം.

വർഷങ്ങൾ കഴിഞ്ഞു മരുന്ന് നൽകുമ്പോൾ ബില്ല് തയ്യാറാക്കിയ കാലത്തുള്ളതിനേക്കാൾ വില വർധിച്ചു എന്ന് കാണിച്ചു സാധനങ്ങൾ എണ്ണം കുറച്ചാണ് ചിലപ്പോൾ വിതരണം ചെയ്യുന്നത്. ഇതും സ്ഥാപനങ്ങളെ വലിയ നിയമ പ്രതിസന്ധിയിലേക്ക് നയിക്കുന്നതാണ്. അതിനാൽ മരുന്നുകൾ വിതരണ ഉത്തരവ് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാൻ KMSCL നടപടികൾ സ്വീകരിക്കണം.

ഫാർമസി കോളേജിൽ ഹാജരാകാതെ ഫാർമസി ബിരുദം ലഭിക്കുന്നു എന്ന വാർത്തയിൽ സർക്കാർ അന്വേഷണം നടത്തണം

ഫാർമസി കോളേജിൽ ഹാജരായി ക്ലാസ്സിൽ ഇരുന്നു പഠിക്കാതെ ചിലർ ഫാർമസി ബിരുദവും, ഡിപ്ലോമയും കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് സംഘടിപ്പിച്ചു സംസ്ഥാനത്തെ ഫാർമസി കൗൺസിലുകളിൽ രജിസ്റ്റർ ചെയ്യുന്നു എന്ന വാർത്ത അതീവ ഗൗരവമേറിയതാണ്. സംസ്ഥാനഫാർമസി കൗൺസിൽ ഇത്തരക്കാർക്ക് രജിസ്ട്രേഷൻ നൽകിയത് വ്യവസ്ഥാപിതമായ രീതിയിൽ ഫാർമസി പഠനം നടത്തുന്ന വിദ്യാർത്ഥികളോടുള്ള വഞ്ചനയാണ്. ഇത്തരം തട്ടിപ്പുകൾ കണ്ടുപിടിച്ചു വേണ്ട നടപടികൾ എടുക്കുന്നതിനും, മെഡിക്കൽ സ്റ്റോറുകൾ, ഫാർമസി കോളേജുകൾ, സ്വകാര്യ ആശുപത്രി ഫാർമസികൾ തുടങ്ങി എല്ലായിടത്തും പരിശോധനകൾ നടത്തി റിപ്പോർട്ടുകൾ നൽകി കൗൺസിലുകളെ സഹായിക്കുന്ന രീതിയിൽ 1981 മുതൽ പ്രവർത്തിച്ചിരുന്ന ഫാർമസി ഇൻസ്പെക്ടർമാരെ ഒഴിവാക്കിയ നടപടി സംശയകരമാണ്. ഫാർമസി കൗൺസിൽ ഇൻസ്പെക്ടർമാർ ഇല്ലാത്തതിനാൽ കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനത്ത് ഫാർമസി നിയമ ലംഘനം തടയുന്നതിനുള്ള ഒരു പരിശോധനയും നടക്കുന്നില്ല. സർക്കാർ സേവനത്തിൽ ഉള്ള ഫാർമസിസ്റ്റുകളെയാണ് ഇൻസ്പെക്ടർമാരായി നിയമിക്കാൻ വ്യവസ്ഥ ഉള്ളത്.

വിവേചനം അവസാനിപ്പിക്കുക



എം.കെ. പ്രേമാനന്ദൻ
ജനറൽ സെക്രട്ടറി

സംസ്ഥാനത്തെ സർക്കാർ ഫാർമസിസ്റ്റുമാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അധികാരികൾ തുടരുന്ന അനാസ്ഥ തുടരുകയാണ്. സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തതും എളുപ്പത്തിൽ പരിഹരിക്കാവുന്നതുമായ കാര്യങ്ങളിൽപ്പോലും തീരുമാനമെടുക്കാതെ അനിശ്ചിതമായി നീട്ടിക്കൊണ്ട് പോകുന്നു. സർക്കാർ ഫാർമസിസ്റ്റുമാരോടുള്ള ഈ അവഗണനക്ക് പിന്നിൽ ഫാർമസി ശാസ്ത്രശാഖയോടുള്ള വിവേചനം തന്നെയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഫാർമസി നിയമങ്ങൾക്കെതിരായ നീക്കങ്ങൾ

ലോകമെങ്ങും ഫാർമസി പ്രഫഷനെ വളർത്തുന്നതിലും, ജനങ്ങൾക്ക് മെച്ചപ്പെട്ട ഫാർമസി സേവനം ലഭ്യമാക്കുന്നതിലും വലിയ മുൻഗണന നൽകുന്നുണ്ട്. മെഡിക്കൽ, നഴ്സിംഗ് മേഖലകൾക്ക് തുല്യമായതും, ചിലപ്പോൾ അതിലുമേറെയും പരിഗണനയും, പ്രോത്സാഹനവും അവിടങ്ങളിൽ ഫാർമസി പ്രൊഫഷന് ലഭ്യമാകുന്നുണ്ട്. നമ്മുടെ നാട്ടിലാകട്ടെ നിയമനിർമ്മാണ സഭകൾ പാസ്സാക്കിയ ഫാർമസി നിയമവും, ചട്ടങ്ങളും പാലിക്കാൻ നടപടികൾ എടുക്കുന്നില്ലെന്ന് മാത്രമല്ല, പലപ്പോഴും അതിന് വിരുദ്ധമായ ഉത്തരവുകൾ പോലും തയ്യാറാകുന്നു.

ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ തൽപ്പരരായ ആരും ഫാർമസി നിയമവ്യവസ്ഥകൾ നടപ്പിലാക്കാനാണ് ശ്രമിക്കുക. അതിനെതിരായ നടപടികൾ അശാസ്ത്രീയത വളർത്താനും, പൊതുജനാരോഗ്യത്തെ തകർക്കാനുമാണ് ഇടയാക്കുക. ജനങ്ങൾക്ക് ശാസ്ത്രീയമായ സേവനങ്ങൾ വ്യവസ്ഥാപിതമായി നൽകാനുള്ള നിയമങ്ങളെ ആദരിക്കേണ്ടവർ, അതിന്റെ കാവലാളുകൾ ആകേണ്ടവർ തന്നെ അത് ലംഘിക്കാൻ മുതിരുന്നത് നിയമവ്യവസ്ഥ അനുസരിച്ച് മുന്നോട്ട് പോകുന്ന ഒരു ജനാധിപത്യ സമൂഹത്തിന് ഭൂഷണമല്ല.

ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളുടെ ഡിസ്പൻസിംഗിന് ഫാർമസിസ്റ്റിതര ജീവനക്കാരെ ചുമതലപ്പെടുത്തൽ, വയോമിത്രം, മാനസികാരോഗ്യം തുടങ്ങിയ പദ്ധതികളിലെ മരുന്നു വിതരണം എന്നിവയിലെല്ലാം ഫാർമസി നിയമ വ്യവസ്ഥകൾ ലംഘിക്കപ്പെടുകയാണ്. രാജ്യത്തെ നീതിന്യായ കോടതികൾ നിയമവിരുദ്ധമാണെന്ന് വ്യക്തമാക്കിയിട്ടും പിന്നെയും അതേ നിലപാടുമായി മുന്നോട്ടു പോകുന്നത് നിർഭാഗ്യകരവും, ഫാർമസി നിയമങ്ങളോടുള്ള അനാദരവുമാണ്.

സർക്കാരിന്റെ ആരോഗ്യ പരിപാടികൾ അവ ലക്ഷ്യമിടുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനാണെന്നതിനാൽ ശാസ്ത്രീയമായും, നിയമാനുസൃതമായും നടത്തേണ്ടതാണ്. ഏതാനും ഫാർമസിസ്റ്റുമാരെ നിയമിക്കുന്നതിനുള്ള ചെലവ് ഒഴിവാക്കാൻ പഴുതുകൾ തേടുന്നത് ഫാർമസി ശാസ്ത്രത്തോടും, നിയമവ്യസ്ഥയോടുമുള്ള അനാദരവാണ് എന്ന് മാത്രമല്ല, ജനങ്ങ

ളുടെ ആരോഗ്യത്തെ അപകടത്തിലാക്കുന്നതു മാണ്. പല പദ്ധതികളിലെയും, യോഗ്യതയില്ലാത്തവരുടെ മരുന്നു വിതരണത്തിലെ വീഴ്ചകൾ സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നിട്ടുണ്ട്. മാനസിക ആരോഗ്യപദ്ധതിയിലെ മരുന്നു വിതരണത്തിലെ പിഴവുകൾ ചൂണ്ടിക്കാണിക്കാൻ പാവം രോഗികൾക്കാവുകയുമില്ല.

ഫാർമസിസ്റ്റുമാരുടെ സേവനവ്യവസ്ഥകൾ

ഫാർമസി വിഭാഗം ജീവനക്കാരുടെ 1962-ൽ തയ്യാറാക്കിയ ഡ്യൂട്ടീസ് ആൻഡ് റസ്പോൺസിബിലിറ്റീസ് പരിഷ്ക്കരിക്കൽ, സ്പെഷ്യൽ റൂൾസ്, ആർദ്രം തസ്തികകൾ എന്നിവയിലും അവഗണന തുടരുകയാണ്. 1962 ലാണ് ഫാർമസി വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടീസ് നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുണ്ടായത്. പ്രമോഷൻ തസ്തികകളുടേത് 1986 ലും. സ്റ്റോർ കസ്റ്റോഡിയൻഷിപ്പ്, ഇൻസ്റ്റിറ്റ്യൂഷൻ വെരിഫിക്കേഷൻ, പേഷ്യന്റ് കൗൺസിലിംഗ്, പാർശ്വഫല മുന്നറിയിപ്പുകൾ, ഓൺലൈൻ സ്റ്റോക്ക് മാനേജ്മെന്റ്, കണ്ടംമ്നേഷൻ നടപടികൾ തുടങ്ങി നിരവധി അടിസ്ഥാനപരമായ മാറ്റങ്ങളാണ് ഇതിന് ശേഷം ഫാർമസിസ്റ്റുമാരുടെ ചുമതലകളിൽ ഉണ്ടായിട്ടുള്ളത്. ഇത്തരം നൂതനമായ കാര്യങ്ങൾ ചുമതലയിൽ ഉൾപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഏറെക്കാലമായുള്ള ഈ ആവശ്യം പരിഗണിച്ച് വിവിധ തലങ്ങളിലും, സംഘടനകളുമായും ചർച്ച ചെയ്ത് തയ്യാറാക്കിയ കരട് പ്രപ്പോസൽ 2015-ൽ സമർപ്പിച്ചിട്ടും ഇതുവരെ അന്തിമ ഉത്തരവായിട്ടില്ല. ഇത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാനുള്ള കാലതാമസമാണ് കാരണം. 5 വർഷം പിന്നിട്ടിട്ടും ഒരു സുപ്രധാന ഫയൽ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുന്നത് ആരോഗ്യ വകുപ്പിനുതന്നെ നാടക്കേടാണ് എന്ന് പറയേണ്ടി വരുന്നു.

ആർദ്രം തസ്തികകൾ

രണ്ടാം ഘട്ടത്തിൽ അനുവദിച്ച ആർദ്രം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഫാർമസിസ്റ്റ് തസ്തികകൾ നിഷേധിച്ചിട്ട് രണ്ട് വർഷത്തോളമാകുന്നു. പുതുതായി വീണ്ടും കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ വരുമ്പോഴും ഫാർമസിസ്റ്റുമാരുടെ ബുദ്ധിമുട്ടുകൾ തുടരുകയാണ്. രണ്ട് ഷിഫ്റ്റുള്ള സ്ഥാപനങ്ങളിൽ നിയമാനുസൃതമായും, ശാസ്ത്രീയമായും മരുന്ന് ഡിസ്പൻസിങ്ങ്, സംഭരണം, സ്റ്റോക്ക് മാനേജ്മെന്റ് എന്നീ ചുമതലകൾക്ക് മൂന്ന് ഫാർമസിസ്റ്റുമാർ വേണ്ടതാണ്. എന്നാൽ സർക്കാരിന്റെ തന്നെ ആർദ്രം സ്റ്റാൻഡേർഡ് പ്രകാരമുള്ള 2 തസ്തികകൾ പോലും ഇതുവരെ അനുവദിച്ചിട്ടില്ല.

സ്ഥലം മാറ്റം

ഫാർമസിസ്റ്റുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ ന്യായമായ സ്ഥലം മാറ്റം ലഭിക്കാതെ ബുദ്ധിമുട്ടാൻ തുടങ്ങിയിട്ട് ഒരു വർഷത്തോളമാകുന്നു. പ്രമോഷനുകൾക്ക് മുമ്പ്, വിദൂര ജില്ലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റം അനുവദിക്കുന്നത് പതിറ്റാണ്ടുകളായുള്ള ജീവനക്കാർക്ക് ആശ്വസം പകരുന്ന നടപടിയാണ്. പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു, കോവിഡ് വ്യാപനം എന്നീ കാരണങ്ങളിൽ സ്ഥലംമാറ്റം നിർത്തിവെച്ചിട്ട് ഒരു വർഷം പിന്നിടുന്നു.

സ്വന്തം ജില്ലകളിൽ ഒഴിവുകൾ വന്നപ്പോൾ ഇവർക്ക് സ്ഥലമാറ്റം അനുവദിക്കാതെ മറ്റ് ജില്ലക്കാരെ ആ ഒഴിവുകളിൽ നിയമിക്കുകയായിരുന്നു. അത് എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാക്കി.

ER 2020

ഫാർമസി വിദ്യാഭ്യാസചട്ടങ്ങൾ, 2020 പഴയവീഞ്ഞ് പുതിയ കുപ്പിയിൽ നിറച്ചു നൽകുന്ന കേന്ദ്ര ഫാർമസി കൗൺസിലിന്റ നടപടിയും ഫാർമസി മേഖലയെ പിറകോട്ടടിപ്പിക്കുന്നതാണ്. മിനിമം യോഗ്യത ഫാർമസി ബിരുദമാക്കുകയോ, ഡിപ്ലോമ 3 വർഷമാക്കി ഉയർത്തുകയോ ചെയ്യേണ്ടത് അത്യാവശ്യമാണ്. കാലികവും നൂതനവുമായ വിഷയങ്ങൾ ഉൾപ്പെടുത്തി ഫാർമസി വിദ്യാഭ്യാസം കാലാനുസൃതമാക്കണം.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ സർക്കാർ ഫാർമസിസ്റ്റുമാരുടെ സംഘടനകൾ ചേർന്ന് ഇതിനായി ജോയിന്റ് ആക്ഷൻ കമ്മറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സംസ്ഥാന

ത്ത്നിന്നും കേരള ഗവ. ഫാർമസിസ്റ്റ്സ് അസ്സോസിയേഷൻ ജോയിന്റ് ആക്ഷൻ കമ്മറ്റിയിൽ സജീവമായ പങ്കുവഹിക്കുന്നു. ഫാർമസി ഡിപ്ലോമ കോഴ്സ് 3 വർഷമാക്കുക, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രാലയത്തിൽ ഫാർമസി വിഭാഗത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കുക എന്നീ ആവശ്യങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനായി ജോയിന്റ് ആക്ഷൻ കമ്മറ്റി പ്രവർത്തിച്ചുവരുന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്.

MLCP

രാജ്യത്തെങ്ങും പ്രത്യേകിച്ച്, ഗ്രാമപ്രദേശങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലൂടെ ഫാർമസിസ്റ്റുമാർ ഗ്രാമീണ ജനതയ്ക്ക് നൽകിയ സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. ഒരുകാലത്ത് ഈ സേവനങ്ങളാണ് ഗ്രാമീണജനതയുടെ ജീവന് തന്നെ തുണയായത്. ഗ്രാമങ്ങളിൽ ഡോക്ടർമാരുടെ അഭാവത്തിൽ ഫാർമസിസ്റ്റുമാർ നൽകിയ പ്രാഥമിക ആരോഗ്യസേവനത്തെ നിർഭാഗ്യവശാൽ ഇന്ന് ആരോഗ്യവകുപ്പധികാരികൾ തമസ്കരിക്കുകയാണ്. മിഡ് ലെവൽ കെയർ പ്രൊവൈഡർമാരുടെ നിയമനത്തിൽനിന്ന് അതിന് ഏറ്റവും അനുയോജ്യമായവരും യോഗ്യതയുള്ളവരുമായ ഫാർമസിസ്റ്റുമാരെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. അതുകൊണ്ട്തന്നെ ഹെൽത്ത് സെന്ററുകളിൽ നിന്ന് പാവപ്പെട്ട ജനങ്ങൾക്ക് ശാസ്ത്രീയമായ സേവനങ്ങൾ നിഷേധിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. ഫാർമസിസ്റ്റുമാരോടുള്ള ഇത്തരം വിവേചനങ്ങൾക്കെതിരെ ഒന്നിച്ച് നിന്ന് പ്രവർത്തിക്കാൻ മുഴുവൻ ഫാർമസിസ്റ്റുമാരും മുന്നോട്ട് വരേണ്ട കാലഘട്ടമാണിത്. ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഫാർമസി വിദ്യാഭ്യാസം നേടി പുറത്തുവരുമ്പോൾ അവർക്ക് സേവനം ചെയ്യാനും, നിലവാരമുള്ള പ്രൊഫഷനായി അംഗീകരിക്കാനും, അർഹമായ പരിഗണന നൽകി പ്രോത്സാഹിപ്പിക്കുന്നതിനും പകരം നിയമവും ശാസ്ത്രവും ഉറപ്പുവരുത്തിയതെല്ലാം വെള്ളം ചേർക്കുകയും പിൻവലിക്കുകയും ചെയ്യുന്ന നടപടികൾ അവസാനിപ്പിച്ചേ മതിയാവൂ.

അപാകത പരിഹരിച്ചു

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കോന്നി മെഡിക്കൽ കോളേജിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ച ഉത്തരവിൽ സ്റ്റോർ സൂപ്രണ്ട് തസ്തികയുടെ ശമ്പള നിരക്ക് സംബന്ധിച്ച് ഉണ്ടായിരുന്ന അപാകത പരിഹരിച്ചു, മേൽ തസ്തികയിൽ പുതിയതായി നിയമനം നൽകിയപ്പോൾ ഗസറ്റഡ് തസ്തികയുടെ ശമ്പള നിരക്ക് തന്നെ ലഭ്യമായിട്ടുണ്ട്.

താൽക്കാലിക ഫാർമസിസ്റ്റുമാർക്ക് നിയമാനുസൃത വേതനം ഉറപ്പാക്കുക

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, ആരോഗ്യകേന്ദ്രങ്ങളിലും, ഇ.എസ്.ഐ. സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന താൽക്കാലിക ഫാർമസിസ്റ്റുമാർക്ക് ചിലയിടങ്ങളിൽ തുച്ഛമായ വേതനം മാത്രം അനുവദിക്കുന്നതായി ആക്ഷേപമുണ്ട്. ചൂഷണത്തിനെതിരെയും, തൊഴിലെടുക്കുന്നവരുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടിയും നിയമ നിർമ്മാണം നടത്തിയിട്ടുള്ള ഒരു ജനാധിപത്യ സമൂഹത്തിൽ ഇത്തരം നടപടികൾ ഉണ്ടാകുന്നത് ഖേദകരമാണ്.

താൽക്കാലിക ജീവനക്കാരും വീടും കുടുംബവും പുലർത്തേണ്ടവരും, കുട്ടികളെ പഠിപ്പിക്കേണ്ടവരും ആണ്. അതുകൊണ്ടാണ് വർഷങ്ങൾക്ക് മുമ്പു തന്നെ സർക്കാർ ഇവരുടെ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവാക്കിയിട്ടുള്ളത്. ഏറ്റവുമൊടുവിൽ 2019 ൽ പുതുക്കിയ നിരക്കുകൾ താഴെ പറയുന്നവയാണ്.

(ഉത്തരവ് നമ്പർ സ.ഉ (അച്ചടി) നം. 81/2019/ ധന തിരുവനന്തപുരം 9.7.2019)

ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, റേഡിയോ ഗ്രാഫർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തുടങ്ങിയവർ	**Dailywage Rs. 830/ Maximum daily wages payable in a month Rs. 22410/-** **Maximum monthly Contract pay Rs. 24040/-**

Noby Thomas M. Pharm., MBA
Asst. Professor (Pharm. Biotechnology)
St. Joseph's College of Pharmacy,
Cherthala, Alappuzha
nobythomas@live.com

GENETIC ENGINEERING: SCIENCE TO THE RESCUE?

Humans have altered the genomes of species for thousands of years through selective breeding, or artificial selectionas contrasted with natural selection. More recently, mutation breeding has used exposure to chemicals or radiation technique to produce a high frequency of random mutations, for selective breeding purposes. Genetic engineering as the direct manipulation of DNA by humans outside breeding and mutations has only existed since the 1970s. In 1972, Paul Berg created the first recombinant DNA molecules by combining DNA from the monkey virus SV40 with that of the lambda virus. In 1973 Herbert Boyer and Stanley Cohen created the first transgenic organism by inserting antibiotic resistance genes into the plasmid of an Escherichia coli bacterium, and now genetic engineering is used in the production of vaccines against SARS-CoV-2 (COVID-19).

Genetic Engineering

Genetic engineering is a process that alters the genetic structure of an organism by either removing or introducing DNA. Genetic engineering takes the gene directly from one organism and delivers it to the other. This is much faster, can be used to insert any genes from any organism and prevents other undesirable genes from also being added.

The DNA can be introduced directly into the host organism or into a cell that is then fused or hybridized with the host. This relies on recombinant nucleic acid (rDNA) techniques to form new combinations of heritable genetic material followed by the incorporation of that material either indirectly through a vector system or directly through micro-injection, macro-injection or micro-encapsulation.

Synthetic biology is an emerging discipline that takes genetic engineering a step further by introducing artificially synthesized material into an organism.Such synthetic DNA as Artificially Expanded Genetic Information System and Hachimoji DNA is introduced in this new field.

Plants, animals or microorganisms that have been changed through genetic engineering are termed genetically modified organisms or GMOs. If genetic material from another species is added to the host, the resulting organism is called transgenic. If genetic material from the same species or a species that can naturally breed with the host is used, the resulting organism is called cisgenic. If genetic engineering is used to remove genetic material from the target organism, the resulting organism is termed a knockout organism.

Genetic engineering could potentially fix severe genetic disorders in humans by replacing the defective gene with a functioning one. Drugs, vaccines and other products have been harvested from organisms, engineered to produce them.Crops have been developed that aid food security by increasing yield, nutritional value and tolerance to environmental stresses.

Creating the clone - General steps in rDNA technology.

In biology a clone is a group of individual cells or organisms descended from one progenitor. This means that the members of a clone are genetically iden-tical, because cell replication produces identical daughter cells each time.

The steps in cloning are as follows. DNA is extracted from the organism under study and is cut into small fragments of a size suitable for cloning. Most often this is achieved by cleaving the DNA with a restriction enzyme. Restriction enzymes are extracted from several different species and strains of bacteria, in which they act as defense mechanisms against viruses. They can be thought of as "molecular scissors," cutting the DNA at specific target sequences. So, if the donor DNA and the vector DNA are both cut with the same enzyme, there is a strong possibility that the donor fragments and the cut vector will join together because of the complementary overhangs. The resulting molecule is called recombinant DNA. It is recombinant in the sense that it is composed of DNA from two different sources. Thus, it is a type of DNA that would be impossible naturally and is an artifact created by DNA technology.

The next step in the cloning process is to cut the vector with the same restriction enzyme used for cutting the donor DNA. Cut vector DNA and donor DNA are mixed in a test tube, and the complementary ends of both types of DNA unite randomly. Of course, several types of unions are possible: donor fragment to donor fragment, vector fragment to vector fragment, and, most important, vector fragment to donor fragment, which can be selected for. The mixture should now contain a population of vectors each containing a different donor insert. This solution is mixed with live bacterial cells that have been specially treated to make their cells more permeable to DNA. Recombinant molecules enter living cells in a process called transfor-

mation. Usually, only a single recombinant molecule will enter any individual bacterial cell. Once inside, the recombinant DNA molecule replicates like any other plasmid DNA molecule, and many copies are subsequently produced. Furthermore, when the bacterial cell divides, all of the daughter cells receive the recombinant plasmid, which again replicates in each daughter cell. The original mixture of transformed bacterial cells is spread out on the surface of a growth medium in a flat dish (Petri dish) so that the cells are separated from one another. Thus, the Petri dish, which may contain many hundreds of distinct colonies, represents a large number of clones of different DNA fragments. This collection of clones is called a DNA library.

Recent approaches for a vaccine against COVID-19

- RNA and DNA vaccines, a cutting-edge approach that uses genetically engineered RNA or DNA to generate a protein that itself safely prompts an immune response.
- Viral vector vaccines, which use a virus that has been genetically engineered so that it can't cause disease, but produces coronavirus proteins to safely generate an immune response.
- Protein-based vaccines, which use harmless fragments of proteins or protein shells that mimic the COVID-19 virus to safely generate an immune response.

SARS-CoV-2 is an enveloped, single-stranded, positive-sense RNA virus belonging to the family Coronavidae and the genus ?-coronavirus. The genome of SARS-CoV-2 encodes one large Spike protein (S) that plays a pivotal role during the viral attachment and entry into host cells. Like any other coronaviruses, the S protein can be cleaved into S1 and S2 subunits by host proteases. The S1 subunit contains the receptor-binding-domain (RBD) through which the virus binds to its receptor angiotensin-converting enzyme 2 (ACE2). The S2 subunit contains the fusion peptide and facilitates membrane fusion and viral entry. The S protein has been frequently considered as the major antigen target for vaccines against human coronavirus such as SARS-CoV, MERS-CoV, and also SARS-CoV-2 in recent studies, because it contains the major epitopes targeted by neutralizing antibodies. Neutralizing antibodies targeting the RBD may block viral binding to host cells, whereas those targeting the S2 subunit may inhibit membrane fusion and viral entry.

Using genetic engineering we can generate a replication-incompetent recombinant adenovirus serotype 5 that carries a codon-optimized gene encoding the full-length SARS-CoV-2 S protein (Ad5-S-nb2). The antibody and cell-mediated immune (CMI) responses elicited by Ad5-S-nb2 via injection and non-injection routes in mice and rhesus macaques can be investigated and evaluate the protective efficacy of the candidate vaccine in rhesus macaques by an intratracheal challenge of SARS-CoV-2.

If the scientists do succeed in this urgent challenge, it will very likely be due to modern genetics. Though "genetic engineering" was once a taboo, it now could literally save the world.

ഇന്ത്യൻ ഫാർമസിസ്റ്റുമാരും ഫാർമസി വിദ്യാഭ്യാസ ചട്ടം രണ്ടായിരത്തി ഇരുപതും

അഗസ്റ്റിൻ പി.പി. (റിട്ട. SVO)
(KGPA മുൻ സംസ്ഥാന സെക്രട്ടറി)

കുറെക്കാലം മുമ്പ് കേരളത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിലെ ഫാർമസിസ്റ്റുമാരുടെ അവസ്ഥ എന്താണെന്ന് കാര്യമായ വിവരം നമുക്ക്ഉണ്ടായിരുന്നില്ല.എന്നാൽ ഇപ്പോൾ രാജ്യംമുഴുവനുമുള്ള കാര്യങ്ങൾ എറക്കുറെ അറിയാം. എല്ലാവരും ഏകസ്വരത്തിൽ പറയുന്ന കാര്യം നമുക്ക് ഗവൺമെന്റിൽ നിന്നൊ പൊതു ജനങ്ങളിൽ നിന്നൊ വേണ്ടത്ര അംഗീകാരം കിട്ടുന്നില്ല എന്നാണ്.

കേന്ദ്ര ഗവൺമെന്റ് രാജ്യവ്യാപകമായി നടപ്പാക്കുന്ന ഒരു ആര്യോഗ്യപരിപാടിയിലും ഫാർമസിസ്റ്റുമാരെ ഉൾപ്പെടുത്തുന്നില്ല. മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി കോടിക്കണക്കിനു രൂപയുടെ മരുന്നുകൾ ഉപയോഗിച്ച് നടപ്പാക്കുന്ന വൻ പദ്ധതികളാണിവ. പക്ഷെ അവിടെ നിന്നു ഫാർമസിസ്റ്റുമാരെ പൂർണമായും അകറ്റി നിർത്തിയിരിക്കുന്നു. കേന്ദ്ര സംസ്ഥാന ആരോഗ്യ വകുപ്പുകളിൽ ഉപയോഗിക്കുന്ന മരുന്നുകളിൽ ഇരുപതോ ഇരുപത്തിയഞ്ചോ ശതമാനം മാത്രമാണ് ഫാർമസിസ്റ്റ്മാരിലൂടെ കടന്നു പോകുന്നത്. എൺപത് ശതമാനം മരുന്നുകളും ഫാർമസിസ്റ്റുമാരല്ലാത്തവർ കൈകാര്യം ചെയ്യന്നു. മെഡിക്കൽ ഷോപ്പുകളുടെ കാര്യം പറയാനുമില്ല. വളരെ അപമാനകരമായ ഒരു സാഹചര്യത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. എന്താണതിനു കാരണം. ഇതു പോലെയുള്ള നീതിനിഷേധത്തിന് നിയമപരവും വിദ്യാഭ്യസപരവുമായ നിരവധി കാരണങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും.

വിദ്യാഭ്യാസപരമായ കാര്യങ്ങളാണ് ഇപ്പോൾ പറയാൻ ഉദ്ദേശിക്കുന്നത്. ആരോഗ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന ഫാർമസിസ്റ്റുമാർ ഒഴികെയുള്ള എല്ലാവരും തങ്ങളുടെ വിദ്യാഭ്യാസവും പരിശീലനവും പൂർത്തിയാക്കുന്നത് ഒരാശുപത്രി സംവിധാനത്തോടൊപ്പം പ്രവർത്തിച്ചു കൊണ്ടാണ്.'

അവരെല്ലാം ഡോക്ടർമാരോടൊപ്പം ഒത്തു ചേർന്ന് ഒരു ടീമായി രോഗ ചികിത്സയ്ക്കും രോഗനിർമാർജനത്തിനുമായി പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ അവരൊക്കെ എന്തു സർവ്വീസാണ് പൊതുജനങ്ങൾക്ക് നൽകുന്നതെന്ന് ആരും പറഞ്ഞു കൊടുക്കേണ്ടതില്ല.

എന്നാൽ ഫാർമസിസ്റ്റമാരാകാനുള്ളവർ ആശുപത്രിയുമായൊ രോഗികളുമായൊ ഒരു ബന്ധവുമില്ലാതെ കോളേജിന്റെ നാലു ചുവരുകൾക്കുള്ളിൽ കുറെ വിഷയങ്ങൾ പഠിക്കുന്നു. ഡിപ്ലോമക്കാർ രണ്ടു വർഷവും ഡിഗ്രിക്കാർ നാലു വർഷവും ഇങ്ങനെ പഠനം തുടരുന്നു. പഠനശേഷം ഡിപ്ലോമക്കാർ മൂന്നു മാസം ആശുപത്രിയിൽ പരിശീലനം നടത്തുന്നു. ഡിസ്പൻസിങ്, സ്റ്റോർ കീപ്പിങ്ങ്, അക്കൗണ്ടിങ് തുടങ്ങിയ വീഷയങ്ങളിൽ പരമ്പരാഗത രീതിയിലുള്ള പരിശീലനമാണ്

അവർക്ക് നൽകുന്നത്. ഡിഗ്രിക്കാർക്ക് ആശുപത്രി പരിശീലനം അവരുടെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു പക്ഷെ ഇതിനെല്ലാം പരിഹാര മായിട്ടാവാം 2008 മുതൽ ഫാം ഡി എന്ന ആറുവർഷ വിദ്യാഭ്യാസ പദ്ധതി ആരം ഭിച്ചത്. എന്നാൽ ഏതൊരു മുന്നൊരുക്ക വുമില്ലാതെ തുടങ്ങിയ ഈ പാഠ്യപദ്ധതി ഒരു പരാജയമായി തുടരുന്നു. നമ്മുടെ പരമ്പരാഗത കോഴ്സകൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ തന്നെ ഇവരെയും പഠിപ്പിക്കുന്നു. ഈ അദ്ധ്യാപകർക്ക് ക്ലിനിക്കൽ പരിശീലനമില്ലാത്തതിനാൽ മെഡിക്കൽ ടീമി ന്റെ ഭാഗമായി ഒരു പ്രവർത്തന ഇടം ഉണ്ടാക്കുന്നതിന് – തങ്ങളുടെ വിദ്യാർത്ഥി കളെ സഹായിക്കാൻ അവർക്ക് കഴിയുന്നില്ല. അവരെ സഹായിക്കുംവിധം പ്രവർത്തന സജ്ജമായ ഒരു ഫാർമസി ഡിപ്പാർട്ട്മെന്റ് അവരുടെ കോളേജ് ആശുപത്രിയിൽ പോലും നിലവിലില്ല. ഏകദേശം ഇരുപത് ലക്ഷം രൂപയും തങ്ങളുടെ ജീവിതത്തിലെ ആറു നല്ല വർഷങ്ങളും ഒരു സ്വപ്നം പോലെ അലിഞ്ഞു തീരുന്നത് നിസ്സഹായരായി അവർ നോക്കി നിൽക്കേണ്ടിവരുന്നു. ഗവൺമെന്റിലും മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള ഡിസ്പെൻസിങ് ഫാർമസിസ്റ്റുമാരുടെ തസ്തി കയ്ക്ക് ഒരവകാശികൂടിയായി എന്നതാണ് അനന്തര ഫലം.

നമ്മുടെ ഫാർമസി വിദ്യാഭ്യാസത്തിന്റെ കുറവുകളും പരാധീനതകളും ഇന്ത്യൻ ഫാർമസി കൗൺസിലിനും ഈ രംഗത്തുള്ള വിദഗ്ദർക്കും അധ്യാപകർക്കും അറിയാമെങ്കിലും ദൗർഭാഗ്യവശാൽ അവരൊന്നും അത് തുറന്നു പറയുവാൻ തയ്യാറാവുന്നില്ല. അതിനാൽ പരിഹാരവും നീണ്ടു പോകുന്നു. ഫാർമസിസ്റ്റുമാരുടെ വിദ്യാഭ്യാസവും തൊഴിലും സംബന്ധിച്ച എല്ലാക്കാര്യങ്ങളും തീരുമാനിക്കാൻ അധികാരമുള്ള ഫാർമസി കൗൺസിൽ, ഉള്ളടക്കത്തിലും നടത്തിപ്പിലും അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനു പകരം കൊച്ചു കൊച്ചു മാറ്റങ്ങൾ കൊണ്ട് പിടിച്ചു നിൽക്കാൻ ശ്രമിക്കുന്ന കാഴ്ചയാണ് നമ്മൾ കാണു ന്നത്. ചുറ്റും വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുമ്പോൾ അതിനു നടുവിൽ ഒരു മാറ്റവുമില്ലാതെ നിൽക്കുന്നവർക്ക് എന്തു സംഭവിക്കുമോ അതാണ് നമുക്ക് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

മരുന്നുകൾ സംബന്ധിച്ച അറിവുകൾ കൊണ്ടു മാത്രം അരോഗ്യസേവന രംഗത്ത് പ്രവർത്തിക്കുന്ന ഒരു ഫാർമസിസ്റ്റിന് ഫല പ്രദമായി പിടിച്ചുനിൽക്കാൻ സാധിക്കുകയില്ല. ആ അറിവുകൾ രോഗികളോടും രോഗത്തോടും പൊതുജനാരോഗ്യത്തോടും ചേർത്തുവെച്ചു കൊണ്ടുള്ള പ്രയോഗിക പരിശീലനമാണ് അവർക്കാവശ്യം. മാത്രമല്ല ഈ രംഗത്ത് വലിയ വിജ്ഞാന വിസ്ഫോടനം തന്നെ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വേണം ഇപ്പോൾ പുറത്തു വന്നിരിക്കുന്ന ER 2020 എന്ന ഫാർമസി ഡിപ്ലോമക്കാരുടെ വിദ്യാഭ്യാസ ചട്ടങ്ങളെക്കാണാൻ. നീണ്ട മുപ്പതു വർഷങ്ങൾക്കു ശേഷമാണ് ഇതുപോലെ ഒരു ചട്ടം ഇറക്കിയിട്ടുള്ളത്. കഴിഞ്ഞ മുപ്പത് വർഷങ്ങളിലൂടെ ഇന്ത്യയിലെ ഫാർമസിസ്റ്റുമാർ നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏതൊരു 'ശ്രമവും പ്രസ്തുത ചട്ടങ്ങളിലില്ല എന്നതാണ് സത്യം. പുതിയ രണ്ടു വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രയോജനമില്ലാത്ത ചില വിഷയങ്ങൾ തുടരുന്നുമുണ്ട്. മുപ്പത് കൊല്ലം മുൻപ് നൽകിയിരുന്ന പ്രായോഗീക പരിശീലനം തന്നെയാണ് നൽകുവാൻ തീരുമാനിച്ചിട്ടു ള്ളത്. കെട്ടിലും മട്ടിലും നടത്തിപ്പിലും കാര്യ മായ വ്യത്യാസം ഒന്നുമില്ല. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നേരിടാൻ തക്കവണ്ണം ഭാവി ഫാർമസിസ്റ്റുമാരെ പുനർനിർമിക്കുന്നതിനാവശ്യമായ ഒരു ശ്രമവും അതിലില്ല. ഒന്നുകിൽ ഡിപ്ലോമ നിർത്തുകയൊ അല്ലെങ്കിൽ ആവശ്യമായ ഘടനാപരമായ മാറ്റങ്ങളോടെ ഇതൊരു മൂന്നു വർഷ വിദ്യാഭ്യാസ പദ്ധതിയായി പുന:സംവിധാനം ചെയ്യുകയോ ചെയ്താൽ നന്നായിരുന്നു. സാധരണ ഗതിയിലുള്ള ഒരു ഡിഗ്രി ഡിപ്ലോമ ബന്ധം ഡി.ഫാമും

ബി.ഫാമും തമ്മിലില്ലെന്നു ഈയിടയ്ക്ക് ഒരു ഹൈക്കോടതി തന്നെ അഭിപ്രായപ്പെടു കയുണ്ടായി. ആ നിലയ്ക്ക് ഇത് ഫാം. ഡിയുടെ ഡിപ്ലോമയാക്കുന്നതാവും നല്ലത്.

ഇന്ത്യൻഫാർമസി കൗൺസിലിന് കാലാനുസൃതമായ, ദീർഘ വീക്ഷണത്തോ ടെയുള്ള ഒരു ഫാർമസി വിദ്യാഭ്യാസനയം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അവർ അൻപതു വർഷം പുറകിലാണ്. കൗൺസി ലിന്റെ പരമ്പരാഗത കാഴ്ചപ്പാടും സങ്കൽപ്പങ്ങളും മാറ്റിമറിക്കുന്നതിന് സംസ്ഥാന തലത്തിലും അഖിലേന്ത്യാതലത്തിലുമുള്ള എല്ലാ ഫാർമസി സംഘടനകളുടേയും കൂട്ടായ പരിശ്രമം ആവശ്യമാണ്. അതിന് തടസ്സമായി നിൽക്കുന്നത് ഡിഗ്രി ഡിപ്ലോമ വിഭാഗീയതയാണ്. അതുമൂലം ഫാർമസിസ്റ്റു മാർ അവർ നേരിടുന്ന യഥാർത്ഥ പ്രശ്നം തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നു. ഫാർമസി വിദ്യാഭ്യാസം സ്വപ്നങ്ങൾ മാത്രം വിൽക്കുന്ന ഒരു വൻപദ്ധതിയായി തുടരുക യും ചെയ്യുന്നു.

കവിത

സംഗീത രാജേഷ്
ചേർത്തല

മാതൃഹൃദയം

വിടരുവാൻ വെമ്പുന്ന മുകുളമേ നിന്റെയീ
ഇതളിൽ ഞാൻ മൃദുലമായ് തൊട്ടിടട്ടേ
സ്നിഗ്ദ്ധമാം നിന്നുടെ പൂവുടൽ മേനിയെ
ഒരു വർണ്ണശലഭമായ് തീർത്തിടട്ടെ...

കാണാത്ത ലോകങ്ങൾ കാണുവാൻ മോഹിക്കും
നിന്നുടെ ഹൃത്തിനെ കാണുന്നു ഞാൻ
വ്യത്യസ്ത രൂപങ്ങൾ വ്യത്യസ്ത ഭാവങ്ങൾ
വ്യത്യസ്ത വർണ്ണങ്ങൾ തേടുന്ന നീ...

കാമവും ക്രോധവും ലോഭമോഹങ്ങളും
ആടിത്തിമിർക്കുമീ ഭൂതലത്തിൽ
നിന്നുടെ മേനിയെ കാത്തുരക്ഷിക്കുവാൻ
നിന്നിലെ മുള്ളുകൾ സജ്ജമാക്കൂ...

ആരുമില്ലോമലേ നിന്നെ രക്ഷിക്കുവാൻ
അത്രമേൽ പ്രാകൃതം ഈ മർത്ത്യജീവിതം
വിടരാൻ കൊതിക്കുന്ന നൽമുകുളങ്ങളെ
പിച്ചിച്ചിതറുന്ന ക്രൂര ലോകം

നിന്റെ മനസിനെ കാരിരുമ്പാക്കി നീ
വന്നു പിറക്കൂ ഈ അമ്മതൻ കൈകളിൽ
അമ്മയായ് സ്നേഹമായ് ഈ ചിറകിന്നുള്ളിൽ
കാത്തുരക്ഷിച്ചിടാം എൻ മരണം വരെ.

കവിത



സജീർ കെ. പി.
ഫാർമസിസ്റ്റ്
താലൂക്ക് ആസ്ഥാന ആശുപത്രി,
കോതമംഗലം

നാല്പതുകൾ

മനസ്സിൻറ മടക്കയാത്രയാകുന്നു നാല്പതുകൾ.
കാഴ്ചയുടെ തിമിരങ്ങളൊഴിഞ്ഞ്
തെളിയുന്ന നാട്ടുവഴി.
ബഹളങ്ങളിപ്പോൾ വേനലിലെ പഴുത്ത
ഇലകൾ.
വേലിയേറ്റങ്ങളൊഴിഞ്ഞ
തീരത്തിരുന്ന് നാം കാണുന്ന
അസ്തമയത്തിൻറ അഴക്.
സ്നേഹിച്ച് കൊണ്ട് വിയോജിക്കാനും
വിയോജിച്ച് കൊണ്ട് സ്നേഹിക്കാനുമുള്ള
ബഹുസ്വരതയുടെ ഹൃദയമുണ്ട്
നാൽപതുകൾക്ക്.
പോയകാലത്തിൻറ അലസ ചെയ്തികളെ
വെറുതെ ഓർമിപ്പിക്കുന്ന ഓർമയുടെ
ആതുരതയാകുന്നു നാല്പതുകൾ.
അവശനായ അച്ഛനെയും
ഓടുന്ന മകനേയും
രണ്ടറ്റങ്ങളിൽ കാണുന്നതിന്റെ
വല്ലാത്തൊരു സംതുലിതത്വമാണ്
നാല്പതുകളുടെ ദർശനം.
തർക്കവിതർക്കങ്ങളുടെ ശബ്ദഘോഷം
നാല്പതുകളിൽ അവസാനിക്കുന്നു.
ഒരു ദാർശനികൻറയും പിന്തുണയില്ലാതെ
നാമിപ്പോൾജീവിതത്തെ പൂരിപ്പിക്കുന്നു...

കഥ

ഏകാന്തത

ശ്രീനാ ഗോപാൽ
ഫാർമസിസ്റ്റ്,
തുറന്ന ജയിൽ, ചീമേനി, കാസറഗോഡ്

വീട്ടുതടങ്കലിൽ അകപ്പെട്ട ഞാൻ ഒരു പാളി ജനൽ തുറന്നപ്പോൾ കണ്ട കാഴ്ചയാണ് ...

ഒറ്റ മൈന ....

'ദൂരെ പോ മൈനേ ..."

– ശബ്ദം എന്നിൽ നിന്ന് തെറിച്ചു

അന്ന് ,

കാവിലെ പൂരത്തിന് പുത്തൻ ഉടുപ്പിട്ട്, കൈ നിറയെ കറുത്ത കുപ്പിവളകൾ അണിഞ്ഞ്, അമ്പലത്തിൽ ഒന്ന് തൊഴുതെന്ന് വരുത്തി, തൊട്ടിലാട്ടത്തിൽ പലവട്ടം ആടി, സേമിയ പറ്റിപ്പിടിച്ച പാലൈസ് നുണഞ്ഞ് കളിച്ച്, ചിരിച്ച്, തിമിർത്ത് നടന്ന്, ഒടുവിൽ നേരം ഇരുട്ടി തുടങ്ങിയപ്പോൾ വീട്ടിലേക്ക് പോകാനൊരുങ്ങു മ്പോൾ മുമ്പിലതാ ,

ഒറ്റ മൈന ...!

ദൈവമേ ചതിച്ചോ !

അകലെ നിന്നുതന്നെ അപകടം കണ്ടു ,

നേരം സന്ധ്യയായിട്ടും വീട്ടിലെത്താത്ത തിന്റെ അരിശം മുഴുവൻ അമ്മയുടെ കൈയ്യിലെ തൊലി ചീകി മിനുസപ്പെടുത്തിയ പച്ച സീമ ക്കൊന്നയിൽ പറ്റിപിടിച്ചിരിക്കയാണ് .

അടി കൊണ്ട കൈവെള്ളയിലെ തഴമ്പിൽ തൊട്ട് നോക്കിയിട്ട് ഞാൻ ,

'അന്നത്തെ സമ്മാനം പോരെന്നുണ്ടോ'

കണ്ണിനു ചുറ്റുമായി കവിളിലേക്ക് പടർന്ന് കിടക്കുന്ന മഞ്ഞ തോൽ തവിട്ടു നിറമുള്ള തൂവലിലേക്കൊന്ന് വലിഞ്ഞു.

ഞാൻ നിർത്തിയില്ല ,

'അല്ലെങ്കിൽ തന്നെ കോറോണയും പിടിച്ച് മനുഷ്യൻ വട്ടു പിടിച്ചിരിക്കയാണ് .ഇനി ഒറ്റമൈനയെ കൂടി കണ്ടാൽ എന്താവും ... പോ ദൂരെ .."

''അന്നും ഇന്നും ഒറ്റയ്ക്കിരിക്കാൻ ഞങ്ങൾക്ക് അവകാശമില്ലേ .... "

''ഉണ്ടല്ലൊ, പക്ഷെ കൺവെട്ടത്തിരി ക്കണോ"

"വെറുതെയല്ല ,നിങ്ങൾ മനുഷ്യർക്ക് ഈ ഗതി വന്നത്"

"എന്ത് ഗതി"

''പണ്ടൊക്കെ അസുഖം വന്നാൽ പരിചരിക്കാനും കൂട്ടിരിക്കാനും വേണ്ടപ്പെട്ടവർ അടുത്തിരിക്കില്ലേ "

ഉം .

"പക്ഷെ ,

ഇന്നോ ...

ഭക്ഷണം എത്തിച്ചു തരുന്ന ആളുടെ മുഖം പോലും നിങ്ങൾക്ക് കാണാനാവുന്നുണ്ടോ "

കുറ്റബോധം മുഖത്തിലൂടെ പരക്കുന്നതിനെ മറയ്ക്കാൻ അടുത്തിരിക്കുന്ന പുള്ളിക്കുത്തുള്ള മാസ്ക് എടുത്തണിഞ്ഞു .

"അന്ന് എന്നെ ആട്ടിപ്പായ്ക്കാനായിരു ന്നല്ലൊ ധൃതി ...

നീ എന്താ തനിയെ ഇരിക്കുന്നത് ,

നിനക്കെന്താ സുഖമില്ലേ ...എന്നൊന്നും ചോദിക്കാൻ ആരെങ്കിലുമുണ്ടായിരുന്നോ ? "

തലയുയർത്തി ,

തൂവലുകൾ വിടർത്തി ഒരൽപം ഗൗരവത്തി ലായി മൈന .

"പ്രകൃതി മികച്ച ഒരു അദ്ധ്യാപികയാണ്,

ഇപ്പോൾ പഠിപ്പിക്കുന്ന അധ്യായം ഏതെന്ന് അറിയോ ?"

ഇല്ല

"ഏകാന്തത !"

ജനലടച്ചേക്കാം ,

അപ്പുറത്തെ വീട്ടിലെ കുട്ടിയെങ്ങാനും മിണ്ടാൻ വന്നാൽ പിന്നെ അതുമതി കോലാഹല മുണ്ടാകാൻ .

ഞാൻ ജനലുകൾ ചേർത്തച്ചേ് ഏകാന്തത യിൽ ലയിച്ചു.

സംസ്ഥാന വാർത്തകൾ

സ്ഥലം മാറ്റം അനുവദിക്കുക

ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ഉൾപ്പെടെയുള്ള ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും, പ്രമോഷന്റെ ഭാഗമായി വിവിധ ജില്ല കളിൽ നിയമിതരായ ജീവനക്കാരുടെ സീനിയോ റിറ്റി പരിഗണിച്ചുള്ള സ്ഥലം മാറ്റവും, നിർത്തി വെച്ചത് നൂറ് കണക്കിന് ജീവനക്കാരെ ദുരി തത്തിലാഴ്ത്തിയിരിക്കുന്നതിനാൽ അടിയന്തിര മായ സ്ഥലം മാറ്റം നടത്തണമെന്നാവശ്യപ്പെട്ട് കെ.ജി.പി.എ. സംസ്ഥാന കമ്മറ്റി ബഹു. മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, ഡയറക്ടർ എന്നി വർക്ക് നിവേദനം നൽകി.

സ്ലോമൂവിംഗ് മരുന്നുകൾ

കോവിഡ് സാഹചര്യത്തിൽ രോഗികളുടെ എണ്ണം കുറവായതിനാൽ ആന്റിബയോട്ടിക്കു കൾ ഉൾപ്പെടെ നിരവധി മരുന്നുകളുടെ ഉപ യോഗം കുറഞ്ഞതിനാൽ സർക്കാർ ആശുപത്രി കളിൽ ഇത്തരം മരുന്നുകൾ കെട്ടിക്കിടക്കുന്ന തായി കേരള ഗവ. ഫാർമസിസ്റ്റ്സ് അസോസി യേഷൻ ചൂണ്ടിക്കാണിച്ചു. അതിനാൽ ഇത്തരം മരുന്നുകൾ നീക്കം ചെയ്യാനും ബാക്കിയുള്ള മരുന്നുകൾ നല്കുന്നത് നിർത്തിവയ്ക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യ പ്പെട്ട് കെ.ജി.പി.എ ആരോഗ്യവകുപ്പ് ഡയറക്ടർ കെ.എം.എസ്.സി.എൽ മാനേജിംഗ് ഡയറക്ടർ എന്നിവർക്ക് നിവേദനം നൽകി.

കോന്നി മെഡിക്കൽ കോളേജ്

കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ച വിവിധ തസ്തികകളിൽപ്പെട്ട സ്റ്റോർ സൂപ്രണ്ട് തസ്തികയുടെ തെറ്റായ ശമ്പള സ്കെയിൽ തിരുത്തണമെന്നാവശ്യപ്പെ ട്ടും, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തിക അനു വദിക്കണമെന്നാവശ്യപ്പെട്ടും മെഡിക്കൽ വിദ്യാ ഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകി. മുൻശമ്പള പരിഷ്കരണ അനോമരി പരിഷ്ക രിച്ച് ഉത്തരവ് നമ്പർ GO (MS) No. 346/2017/ (68) Fin date 25.7.17 പ്രകാരം 35700-75600 രൂപ ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ളത് പരി ഗണിക്കാതെയാണ് ഇപ്പോഴത്തെ സ്കെയിൽ അനുവദിച്ചിരിക്കുന്നത്. അതിനാൽ അടിയന്തര മായി ഈ സ്കെയിൽ തിരുത്തി ഉത്തരവിറക്ക ണമെന്ന് കെ.ജി.പി.എ. സംസ്ഥാന കമ്മറ്റി ആവ ശ്യപ്പെട്ടു.

സബ്സ്റ്റോക്ക് ഡി.ഡി.എം.എസ്.

സബ്സ്റ്റോക്ക് ലവലിൽ ഡി.ഡി.എം.എസ് നടപ്പിലാക്കുമ്പോൾ മരുന്നുകൾ സംഭരിച്ച് നൽകാനും, സ്റ്റോക്ക് അക്കൗണ്ടുകൾ തയ്യാ റാക്കി ഡി.ഡി.എം.എസിൽ പ്രതിദിനം അപ്ഡേറ്റ് ചെയ്യാനും ആവശ്യമായ വാർഡ് ഫാർമസിസ്റ്റുമാർ, വാർഡ് ഫാർമസികൾ, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ എന്നിവ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് കെ.ജി.പി.എ. സംസ്ഥാന കമ്മറ്റി ആരോഗ്യവകുപ്പ് പ്രിൻസി പ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേ ജിംഗ് ഡയറക്ടർ, ജനറൽ മാനേജർ എന്നിവർ ക്ക് നിവേദനം നൽകി. ഇത് നടപ്പിലാക്കുമ്പോൾ വരുന്ന പ്രായോഗിക പ്രശ്നങ്ങൾ ചർച്ച ചെയ്യ ണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു.

ഇ.എസ്.ഐ ഫാർമസിസ്റ്റുമാർ

സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പൻ സറികളിൽ രോഗികൾക്ക് ശാസ്ത്രീയമായും, ഫാർമസി നിയമ വ്യവസ്ഥകൾ അനുസരിച്ചും മരുന്നുകൾ നൽകാൻ ആവശ്യമായ ഫാർമസി സ്റ്റുമാരെ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് കെ. ജി.പി.എ. സംസ്ഥാന കമ്മറ്റി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകി. സിംഗിൾ ഫാർമസിസ്റ്റ് ഡിസ്പൻസറികളിൽ രണ്ടും, മറ്റ് സ്ഥാപനങ്ങ ളിൽ ഇൻഷുറൻസ് വ്യക്തികളുടെ എണ്ണ ത്തിനും അനുസരിച്ച് ഫാർമസിസ്റ്റുമാർ വേണ്ട തിന്റെ ആവശ്യകത സംഘടന ചൂണ്ടിക്കാണിച്ചു.

ജില്ലാ വാർത്തകൾ

തിരുവനന്തപുരം

2020 നവംബർ ഒന്നിനു നടന്ന കെ.ജി.പി.എ. തിരുവനന്തപുരം ജില്ലാ കമ്മറ്റിയുടെ വെർചൽ മീറ്റിങ്ങിൽ പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി യിലെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ ആയ പി. സുഭാഷ് കുമാറിനെ ജില്ലാ പ്രസിഡന്റായി തെരഞ്ഞെടുത്തു.

മുൻ ജില്ലാ പ്രസിഡന്റ് ജയദീപ് കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വെർചൽ യോഗം കെ.ജി.പി.എ. സംസ്ഥാന പ്രസിഡൻറ് എസ്. വിജയകുമാർ ഉത്ഘാടനം ചെയ്തു. കെ.ജി.പി. എ. വനിതാ വിഭാഗം ചെയർപേഴ്സനും സംസ്ഥാന സെക്രട്ടറിയുമായ അനിത. ഡി. എൻ. മുഖ്യ പ്രഭാഷണം നടത്തി. ESI സബ് കമ്മറ്റി ചെയർപേഴ്സനും സംസ്ഥാന കൗൺസിൽ അംഗവുമായ ഷീജ സി.പി. ജില്ലാ പ്രസിഡൻറ് സ്ഥാനത്തേക്ക് പി. സുഭാഷ് കുമാറിന്റെ പേര് നിർദ്ദേശിക്കുകയും യോഗം ഐകകണ്ഠേന അംഗീകരിക്കുകയും ചെയ്തു. യോഗത്തിൽ ജില്ലാ സെക്രട്ടറി ഷീജ. എ.വി, ജില്ലാ കമ്മിറ്റി ട്രഷറർ ശുഭ. എൻ എന്നിവർ ആശംസ അറിയിച്ചുകൊണ്ട് സംസാരിച്ചു.

ബഹു. DME പ്രസിദ്ധീകരിച്ച പുതിയ സ്റ്റാഫ് പൊസിഷൻ പട്ടികയിൽ ഫാർമസിസ്റ്റിനെ ഉൾപ്പെടുത്താതിരുന്നത് തിരുവനന്തപുരം ജില്ലാ കമ്മിറ്റി അടിയന്തിരമായി ഇട പെടുകയും ബഹു. DME യുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ കൊവിഡ് 19 ഡ്യൂട്ടിയുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വിളിച്ചു ചേർത്ത യോഗത്തിലേക്ക്, ഒട്ടുമിക്ക സർവീസ് സംഘടനകൾക്കും ക്ഷണമുണ്ടായിട്ടും, കെ.ജി.പി.എ. യെ ക്ഷണിക്കാതിരുന്നതിലെ പ്രധിഷേധം ജില്ലാ കമ്മറ്റി ഇടപെട്ട് അറിയിച്ചതിനെ തുടർന്ന്, ക്ഷണമുണ്ടാകുകയും DME സബ് കമ്മറ്റി ചെയർപേഴ്സനും തിരുവനന്തപുരം ജില്ലാ കമ്മിറ്റി ട്രഷററുമായ ശുഭ. എൻ. പങ്കെടുക്കുകയും പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

ആലപ്പുഴ

ആലപ്പുഴ ജില്ലാകമ്മറ്റി ലോക ഫാർമസിസ്റ്റ്സ് ദിനം വിവിധ പരിപാടികളോടെ ആഘോലോഷിച്ചു.ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളിലെയും ഫാർമസി, സ്റ്റോർ എന്നിവ അലങ്കരിക്കുകയും പോസ്റ്റർ പ്രദർശനം, മധുര പലഹാര വിതരണം, കേക്ക് മുറിക്കൽ ലഘുലേഖകൾ വിതരണം എന്നിവയും ഏതാനും ചില സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റുമാരെ ആദരിക്കുകയും ചെയ്തു. ഉച്ചയ്ക്ക് 2.30 ന് Zoom മീറ്റിലൂടെ നടത്തിയ സമ്മേളനം ഷീലാദേവി.എ.ജി. (SVO ആലപ്പുഴ) ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ പ്രസിഡണ്ട് ജി. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു, ജില്ലാ സെക്രട്ടറി സജീവ്. പി. സ്വാഗതം പറഞ്ഞു.ആലപ്പുഴ TD MC ഫാർമസി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ രശ്മി കൃഷ്ണ മുഖ്യപ്രഭാഷണവും, Transforming Global Health എന്ന വിഷയത്തിൽ ക്ലാസും എടുത്തു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ഡി .മുറാദ് ഫാർമസിസ്റ്റ് ദിന സന്ദേശവും, സംസ്ഥാന സെക്രട്ടറിയേറ്റഗം രാജേഷ് കുമാർ. എസ്സ്., മുൻ ജില്ലാ പ്രസിഡന്റ് ശ്രീ. കെ.ബി. സത്യപാലൻ, സംസ്ഥാന കൗൺസിൽ അംഗങ്ങളായ സാബു ബി, ജോൺ പൗലോസ്, ജില്ലാ വൈസ് പ്രസിഡന്റുമാരായ ശ്രീകുമാർ കെ.ജി., രജിത എ. (ESI), ജോ. സെക്രട്ടറി സംഗീത പി.ഒ എന്നിവർ ആശംസ അർപ്പിച്ചു. ജില്ലാട്രഷറർ സ്മിത ദാസ് നന്ദി പറഞ്ഞു.

ജില്ലാക്കമ്മറ്റിയുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായി NHM വഴി 50 ൽ പരം ഫാർമസിസ്റ്റുമാരെ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ നിയമിക്കുകയുണ്ടായി,

LSGD/ HMC വഴിയും ഫാർമസിസ്റ്റുമാരെ നിയമിക്കുകയുണ്ടായി.

കോട്ടയം

കേരള ഗവ. ഫാർമസിസ്റ്റസ് അസോസിയേഷൻ കോട്ടയം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ദേശീയ ഫാർമസിസ്റ്റ് ദിനം സെപ്റ്റംബർ 25 സമുചിതമായി ആഘോഷിക്കുകയും, അതിനോട് അനുബന്ധിച്ച് നടന്ന ഓൺലൈൻ യോഗത്തിൽ ജില്ലാ പ്രസിഡന്റ് സതീഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വിദ്യാധരൻ യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് ഫാർമസി കൗൺസിൽ മുൻ പ്രസിഡന്റും, കെ.ജി.പി.എ. മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന കെ.സി. അജിത് കുമാർ ഫാർമസിസ്റ്റ് ദിന സന്ദേശം നൽകി. അജി ജോർജ്ജ് ഫാർമസിസ്റ്റുമാരുടെ പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങളേക്കുറിച്ചു സംസാരിച്ചു. ജില്ലാ സെക്രട്ടറി അഭിലാഷ് ജയറാം സ്വാഗതവും ജില്ലാ ട്രഷറർ രാജി ടി. എ. നന്ദിയും പറഞ്ഞു. യോഗത്തിൽ എൺപതിലധികം ഫാർമസിസ്റ്റുമാർ പങ്കെടുത്തു.

എറണാകുളം

കെ.ജി.പി.എ. എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ലോക ഫാർമസിസ്റ്റ് ദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. ഫാർമസി ബുള്ളറ്റിൻ എഡിറ്റർ എം.എസ്. മനോജ് കുമാർ അദ്ധ്യക്ഷത വഹിച്ച വെബിനാർ മുൻ ജനറൽ സെക്രട്ടറി ഇ.വി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു, KMCT കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് പ്രിൻസിപ്പൽ ഡോ. സുജിത് എബ്രഹാം ഫാർമസിസ്റ്റ് ദിന സന്ദേശം നൽകി. മുൻ സംസ്ഥാന ട്രഷറർ സാജു കുര്യാക്കോസ്, എറണാകുളം SVO ശ്രീമതി എൽ. ഷീല, വെയർഹൗസ് മാനേജർ കെ.എം. സലിം, എം.കെ. മനോജ്, ഷിയാസ് കെ.എ., ബിജൽ കുമാർ, രജിത ടി.ജി. എന്നിവർ ആശംസകൾ നേർന്നു. ജില്ലാ മരുന്ന് സംഭരണശാല, ജനറൽ ആശുപത്രി എറണാകുളം, മൂവാറ്റുപുഴ, ജില്ലാ ആശുപത്രി ആലുവ തുടങ്ങി ജില്ലയിലെ പ്രധാന സ്ഥാപനങ്ങളിൽ പോസ്റ്റർ, അലങ്കാരങ്ങൾ, മധുര വിതരണം, മുതിർന്ന ഫാർമസിസ്റ്റുമാരെ ആദരിക്കൽ എന്നീ പരിപാടികളും ഉണ്ടായി.

എല്ലാ വിഭാഗം ജീവനക്കാരുടെയും പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായിരുന്നു ജില്ലയിലെ സർക്കാർ ഫാർമസിസ്റ്റുമാരുടെ ഈ വർഷത്തെ ഫാർമസിസ്റ്റ് ദിനാചരണം. ഈ കോവിഡ്കാല പ്രതിസന്ധികൾക്കിടയിലും 200 പേർ വെബിനാറിൽ പങ്കാളികളായി. മറ്റുള്ളവർ സ്ഥാപനതല പ്രവർത്തനങ്ങൾ നടത്തിയും പങ്കാളികളായി.

കോവിഡ് 19 മൂലം ജില്ലാ സമ്മേളനം നടത്തുവാൻ സാധിക്കാത്തതിനാൽ വെർചൽ ജില്ലാ കൗൺസിൽ യോഗം നടത്തി. ഒഴിഞ്ഞു കിടന്ന സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തി. ജില്ലാ പ്രസിഡന്റായി എം.കെ. മനോജ്, ജില്ലാ ട്രഷററായി ഉണ്ണികൃഷ്ണൻ ടി. ആർ. എന്നിവരെ തെരഞ്ഞെടുത്തു.

തൃശൂർ

കേരള ഗവ. ഫാർമസിസ്റ്റ്സ് അസോസിയേഷൻ സെപ്റ്റംബർ 25 നു ജില്ലയിൽ ഫാർമസിസ്റ്റ്സ് ദിനം സമുചിതമായി ആയി ആചരിച്ചു. കൊവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി ഗൂഗിൾ മീറ്റിലൂടെയാണ് ചേർന്നത്. സർക്കാർ ആശുപത്രികളിൽ ആവശ്യമായ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കുക, മരുന്നുകളുടെ ഗുണനി ലവാരം ഉറപ്പാക്കുക, അവശ്യ മരുന്നു പട്ടിക കാലോചിതമായി പരിഷ്കരിക്കുക, ഫാർമസി വിഭാഗം ഫയലുകൾ സമയ ബന്ധിതമായി തീർപ്പാക്കുക, ഫാർമസി വിഭാഗത്തോടുള്ള അവഗണന അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ യോഗം ഉന്നയിച്ചു.

ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ രാജീവ് ഉദ്ഘടനം ചെയ്തു. പ്രസിഡന്റ് മനോജ് ടി.ജി. അദ്ധ്യക്ഷത വഹിച്ചു KMSCL ജില്ലാ വെയർഹൗസ് മാനേജർ സജി., സംസ്ഥാന ജില്ലാ നേതാക്കൾ, മുൻ നേതാക്കൾ,

ഡോ. മൻജിത്ത് കൃഷ്ണൻ എന്നിവർ സംസാരിച്ചു. ജില്ലയിൽ ക്വിസ്സ് മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് കാഷ് അവാർഡ് നൽകുകയും ചെയ്തു. KGMOA ജില്ലാ സെക്രട്ടറി ഡോ. ബിനോജ്, ലബോറട്ടറി ടെക്നീഷ്യൻസ് അസോസിയേഷൻ സെക്രട്ടറി രവി, ജില്ലാ ടി.ബി. സെൻറർ സീനിയർ കൺസൾട്ടന്റ് ഡോ. സഞ്ജീവ് കുമാർ എന്നിവർ ആശംസകൾ നേർന്നു. സ്ഥാപനങ്ങളിൽ പോസ്റ്റർ, അലങ്കാരങ്ങൾ, മധുര വിതരണം, ആദരിക്കൽ എന്നിവയും ഉണ്ടായി. ജില്ലാ സെക്രട്ടറി വി.എസ്. ഷൈജു സ്വാഗതവും കെ.ജി.പി.എ ജില്ലാ വൈസ് പ്രസിഡന്റ് അൻസുദീൻ അഹമ്മദ് നന്ദിയും പറഞ്ഞു.

കോഴിക്കോട്

സെപ്തംബർ 25 ലോകഫാർമസിസ്റ്റ്ദിനത്തോടനുബന്ധിച്ച് കെ.ജി.പി.എ കോഴിക്കോട് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ഓൺലൈൻ മീറ്റ്നടത്തി. ഡോ. അരവിന്ദാക്ഷൻ (നാദാപുരം താലൂക്ക് ഹോസ്പിറ്റൽ) ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി എം.കെ. പ്രേമാനന്ദൻ ഫാർമസിസ്റ്റ് ദിനസന്ദേശം നൽകി. ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ സുരേഷ് വി., മുഖ്യാതിഥിയായി. ജില്ലാ പ്രസിഡന്റ ടി.സി. അബ്ദുൾ ജലീൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി ശ്രീലേഷ് പി. സ്വാഗതം പറഞ്ഞു. സൻജീവ് സി. (മുൻ ജില്ലാ സെക്രട്ടറി), രാജൻ എം. (മുൻ ജില്ലാ കമ്മറ്റിയംഗം), സുരേഷ് ബാബു കുന്നത്ത് (മുൻ സംസ്ഥാന കൗൺസിൽ അംഗം), രൂപേഷ് കെ , ജീന എം., മണികണ്ഠൻ എം.വി, മുരളീ മോഹൻ പി, ജയരാജൻ ടി.കെ എന്നിവർ ആശംസകൾ അറിയിച്ചു. അനു സി.ജെ നന്ദിപറഞ്ഞു.

ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ഫാർമസിസ്റ്റുകളുടെ മക്കൾക്കായി ഓൺലൈൻ ചിത്രരചനാ മൽസരം നടത്തിയതിൽ മികച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

ജില്ലാകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ, സർവ്വീസിലെ നവാഗതർക്കായി DDMS വിഷയത്തിൽ രൂപേഷ് കെ (ഫാർമസിസ്റ്റ്, താലൂക്ക് ഹോസ്പിറ്റൽ, കുറ്റ്യാടി) ക്ലാസ്സെടുത്തു.

ഓണത്തോടനുബന്ധിച്ച് ഫാർമസിസ്റ്റുകൾക്കായി ഓൺലൈൻ ക്വിസ് മൽസരം നടത്തിയത് പുതിയൊരനുഭവമായി. നീതു. ആർ, മറിയം മുഫീദ, ശ്രുതി. പി. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ മൽസരത്തിന് ജനീഷ് എം., ജിതേഷ് കെ.എം എന്നിവർ നേതൃത്വം നൽകി.

കണ്ണൂർ

2020 നവംബർ 17മുതൽ 23 വരെ ആഘോഷിച്ച ദേശീയ ഫാർമസി വാരത്തിന്റെ ഭാഗമായി കേരളാ ഗവ: ഫാർമസിസ്റ്റ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി ഓൺലൈൻ മീറ്റ് സംഘടിപ്പിച്ചു. "Pharmacists: Frontline Health Professionals" എന്നതായിരുന്നു തീം. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ആപ്പീസർ ഡോ. സന്തോഷ്. ബി ഉദ്ഘാടനം ചെയ്തു. കണ്ണൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ഹരീഷ് കുമാർ. എ ഫാർമസിവാര സന്ദേശം നൽകി. ക്ലിനിക്കൽ ഫാർമസിസ്റ്റായ ഡോ. മേഘ മാധവൻ കൃഷ്ണൻ ക്ലിനിക്കൽ ഫാർമസിസ്റ്റിന്റെ പ്രൊഫഷണൽ സാധ്യതകളെ സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിച്ചു. ജില്ലാ പ്രസിഡന്റ് സരസ്വതി കെ. അധ്യക്ഷം വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി പി. വിനോദ് കുമാർ സ്വാഗതവും ജോ. സിക്രട്ടറി എ.കെ ജയദേവൻ നന്ദിയും പറഞ്ഞു.

അന്തരിച്ച മുൻ കേരളാ സ്റ്റേറ്റ് ഫാർമസി കൗൺസിൽ പ്രസിഡന്റ് ശ്രീ. എം.എൻ. വി.ജി അടിയോടിയുടെ ചരമദിനത്തിൽ (ഒക്ടോ 26) അദ്ദേഹത്തിന്റെ സ്മൃതി മണ്ഡപ ത്തിലെ ചടങ്ങുകൾ കേരളാ ഗവ. ഫാർമസിസ്റ്റ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാകമ്മിറ്റിയുടെ ഫേസ്ബുക്ക് പേജിലൂടെ ലൈവായി സംപ്രേഷ

ണം ചെയ്തു. കെ.ജി.പി.എ സംസ്ഥാന ട്രഷറർ സദാനന്ദൻ കെ.ടി, മുൻ ഫാർമസി കൗൺസിൽ പ്രസിഡന്റ് കെ.സി അജിത്കുമാർ, കെ.ജി.പി.എ കോഴിക്കോട് ജില്ലാ സെക്രട്ടറി ശ്രീലേഷ്, കെ.ജി.പി.എ കണ്ണൂർ ജില്ലാ സെക്രട്ടറി പി. വിനോദ് കുമാർ, എന്നിവർ പങ്കെടുത്തു.

സെപ്തംബർ 25 ന് ലോക ഫാർമസിസ്റ്റ് ദിനത്തിൽ കെ.ജി.പി.എ കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ മീറ്റ് സംഘടിപ്പിച്ചു. കണ്ണൂർ ജില്ലാ മെഡിക്കൽ ആപ്പീസർ ഡോ. നാരായണ നായ്ക്ക്, കെ.ജി.പി.എ ജനറൽ സെക്രട്ടറി എം. കെ പ്രേമാനന്ദൻ, എസ്.വി.ഒ. ജയകുമാരി അമ്മ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ ജില്ലാ പ്രസിഡന്റ് കെ. സരസ്വതി അധ്യക്ഷം വഹിക്കുകയും ജില്ലാ സെക്രട്ടറി പി. വിനോദ് കുമാർ സ്വാഗതം പറയുകയും ചെയ്തു.

കെ.ജി.പി.എ ഇരിട്ടി ബ്രാഞ്ച് ജനറൽ ബോഡി യോഗം ചേർന്ന് പ്രമോഷൻ ലഭിച്ച് ഇടുക്കി ജില്ലയിലേക്ക് പോയ ബ്രാഞ്ച് പ്രസിഡന്റ് ശ്രീജ പെരുമ്പായിലിന് പകരം ബിജൽകുമാർ ബി. യെ പുതിയ ഇരിട്ടി ബ്രാഞ്ച് പ്രസിഡന്റായി തിരഞ്ഞെടുത്തു.

പുതുതായി സർവ്വീസിൽ വന്ന ഫാർമസിസ്റ്റുമാർക്കുവേണ്ടി വിവിധ വിഷയങ്ങളിലായ 18 ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചു. അനിൽ കുമാർ ജെ.എൻ, അബ്ദുൾ ഷുക്കൂർ കുണ്ടിൽ, ഉമ്മർ കൂട്ടുമുഖം, ഡോ. റജീന ദിൽനാഥ്, ഡോ. പത്മനാഭൻ കെ.വി, സജീവൻ കുറുന്താഴ, ഷേർലി ഡാനിയൽ, സുരേന്ദ്രനാഥൻ എ, മുരളീധരൻ വി.വി, സുരേഷൻ വി., ഡോ. ദീപക് രാജൻ തുടങ്ങിയവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

കാസറഗോഡ്

സംഘടനാ പ്രവർത്തനം സജീവമാകുന്ന രീതിയിൽ ഓൺലൈൻ മുഖേന നിരവധി പരിപാടികൾ സംഘടിപ്പിച്ചു.

പുതുതായി സർവീസിൽ പ്രവേശിപ്പിച്ച ഫാർമസിസ്റ്റുമാർക്ക് മെമ്പർഷിപ്പ് നൽകി അംഗങ്ങളാക്കുകയും ജോലി സംബന്ധമായി സഹായിക്കാൻ ബ്ലോക്ക് ഫാർമസിസ്റ്റ് മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ലോക ഫാർമസിസ്റ്റ് ദിനം, ലോക മാനസികാരോഗ്യ ദിനം, ലോക പ്രമേഹ ദിനം എന്നീ ദിവസങ്ങളിൽ മേഖലയിൽ വിദഗ്ധ രായവരെ ഉപയോഗിച്ചുകൊണ്ട് വെബിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി.

പുതുതായി ജോലിയിൽ പ്രവേശിച്ചവർക്ക് DDMS നെ കുറിച്ച് അറിവ് പകർന്ന് നൽകുന്നതിനായി KMSCL IT വിഭാഗം ഡെപ്യൂട്ടി മാനേജർ അഖിലിന്റെ നേതൃത്വത്തിൽ വെബിനാർ നടത്തി.

NTEP യെക്കുറിച്ചും ജില്ലയിലെ അംഗങ്ങൾക്ക് ക്ലാസ്സ് നൽകി.

ജോയിൻറ് ആക്ഷൻ കമ്മറ്റി രൂപീകരിച്ചു: ഫാർമസി വിദ്യാഭ്യാസ ചട്ടം 2020-ലെ അപാകതകൾ തിരുത്തി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രാജ്യത്തെ വിവിധ ഫാർമസിസ്റ്റ് സംഘടനകൾ ചേർന്ന് സംയുക്ത കമ്മറ്റി രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. ഡിപ്ലോമ ഇൻ ഫാർമസിയിൽ കാലികമായ വിഷയങ്ങൾ ഉൾപ്പെടുത്തി സമഗ്രമായി പരിഷ്കരിച്ച് 3 വർഷ പാഠ്യപദ്ധതിയാക്കി മാറ്റുക, കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ ഫാർമസി വിഭാഗത്തിനായി പ്രത്യേക വിഭാഗം രൂപീകരിക്കണമെന്നും കമ്മറ്റി ആവശ്യപ്പെട്ടു. ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ പ്രസിഡന്റുമായി ചർച്ച നടത്തി വിശദമായ ശുപാർശ സമർപ്പിക്കാനും കമ്മറ്റി തീരുമാനിച്ചു.

സർവ്വീസിൽനിന്നും വിരമിച്ചു

Krishnaraj P. D.
Stores Officer (GMS)
DHS, TVM

Sheela Devi A. G.
SVO, DMOH, Alappuzha

M. D. Padmarajan
CHC, Panamaram



Thomas
SVO, Wayanad

V. P. Mohanan
DH, Mananthavady

Kunhan M.
SK W&C H, Kozhikode

Girija Bhai
Govt. Mental Hospital, Kozhikode

Lissy Mathew
PHC Pattimattam

Shymala Devi
SVO, Idukki

കെ.ജി.പി.എ പുതിയ ജില്ലാ പ്രസിഡന്റുമാർ

സുഭാഷ് കുമാർ പി.
തിരുവനന്തപുരം

എം.കെ. മനോജ്
എറണാകുളം

ശ്രീന ഗോപാൽ
കാസറഗോഡ്

PHARMACY BULLETIN Book No. 14 Vol. 4 January 2021

നിയമസഭാ സമാജികനായി 50 വർഷം പൂർത്തിയാക്കിയ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ
കെ.ജി.പി.എ. സംസ്ഥാന കമ്മിറ്റി ആദരിക്കുന്നു.

എം.എൻ.വി.ജി. അടിയോടി അനുസ്മരണം – പന്തീരാങ്കാവ, കോഴിക്കോട്

Printed and Published by : M K Premanandan, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: M S Manoj Kumar Ph: 9497280906